# കേരള സർക്കാർ

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2020 ഏപ്രിൽ 21 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**

**videos: http://www.clipmail.kerala.gov.in**

**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് – 1

## ജില്ലാ അതിർത്തികളിൽ കർശന പരിശോധ

ലോക്ഡൗണുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ ചുവപ്പ്, പച്ച, ഓറഞ്ച് എ, ഓറഞ്ച് ബി മേഖലകളിൽ ഏപ്രിൽ 20 തിങ്കളാഴ്ച മുതൽ നിലവിൽ വന്നതോടെ തൃശൂർ, മലപ്പുറം ജില്ലാ അതിർത്തിയായ കടവല്ലൂരിലും തൃശൂർ, പാലക്കാട് ജില്ലാ അതിർത്തിയായ ചാലിശ്ശേരിയിലും പോലീസ് പരിശോധന കർശനമാക്കി. തൃശ്ശൂർ ജില്ലാ ക്രൈംബ്രാഞ്ച് സിഐ ടി കെ ഷാജുവിനെ നേതൃത്വത്തിലാണ് പരിശോധന നടക്കുന്നത്. തൃശൂർ, പാലക്കാട് ജില്ലകൾ ഓറഞ്ച് ബി മേഖലയാണ്. ഓറഞ്ച് ബി മേഖലയിൽ ജില്ലാ അതിർത്തി കടന്നുള്ള യാത്രകൾ നിരോധിച്ചിട്ടുണ്ട്. മെഡിക്കൽ ആവശ്യങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങൾക്കും മാത്രമേ ജില്ലാ അതിർത്തിയും സംസ്ഥാന അതിർത്തിയും കടന്നുള്ള യാത്ര അനുവദിക്കുന്നുള്ളൂ. സർക്കാർ ഉത്തരവ് പ്രകാരം പ്രവർത്തനാനുമതി നൽകിയിട്ടുള്ള കാര്യങ്ങൾക്കായി മാത്രമേ ഒരു ജില്ലയിൽ നിന്ന് അടുത്തുള്ള ജില്ലയിലേക്ക് പ്രവേശനം അനുവദിക്കൂ എന്നുള്ളതിനാൽ മറ്റ് ആവശ്യങ്ങൾക്കായി ജില്ല കടന്ന് യാത്ര ചെയ്യാൻ അനുമതി നൽകിയിട്ടില്ലെന്ന് സിഐ ടി കെ ഷൈജു പറഞ്ഞു. സി ഐയ്ക്ക് പുറമേ ക്രൈംബ്രാഞ്ച് എസ്ഐ രാധാകൃഷ്ണൻ, സിപിഒമാരായ ജിന്റോ, നീലകണ്ഠൻ, അഭിലാഷ്, പ്രദീപ് എന്നിവരും പരിശോധന സംഘത്തിലുണ്ടായി.

## പുഴയ്ക്കൽ ബ്ലോക്കിൽ തൊഴിലുറപ്പ് പദ്ധതി പുനരാരംഭിച്ചു

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ ലോക്ക് ഡൗൺ ഇളവുകൾ പ്രയോജനപ്പെടുത്തി മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പുനരാരംഭിച്ചു.

ബ്ലോക്കിലെ അടാട്ട്, അവണൂർ, കൈപ്പറമ്പ്, കോലഴി, മുളങ്കുന്നത്തുകാവ്, തോളൂർ ഗ്രാമപഞ്ചായത്തുകളിലാണ് തൊഴിലുറപ്പ് പദ്ധതി പുനരാരംഭിച്ചത്. തൊഴിൽ ആവശ്യമുള്ളവർ അതത് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഫോൺ മുഖാന്തിരം ബന്ധപ്പെടുക. തൊഴിലാളികൾ പഞ്ചായത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാവേണ്ടതില്ല.

## കമ്മ്യൂണിറ്റി കിച്ചനിൽ ഒരു ദിവസത്തെ ഭക്ഷണം നൽകി പുന്നയൂരിലെ കുടുംബശ്രീ

കോവിഡ് 19 ലോക്ക് ഡൗണിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി കിച്ചനിലേക്ക് ഭക്ഷണം സ് പോൺസർ ചെയ്ത് പുന്നയൂർ കുടുംബശ്രീ യൂണിറ്റ്. പുന്നയൂർ പഞ്ചായത്തിലെ പത്താം വാർഡ്

എഡിഎസ് കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ് ഭക്ഷണം സ്പോൺസർ ചെയ്തത്. സ്പോൺസർ ചെയ്ത ഭക്ഷണം വാർഡ് സിഡിഎസ് മെമ്പർ നസീറ അഹ്മദിന്റെയും മെമ്പർ ഷഹർബാനിന്റെയും നേതൃത്വത്തിൽ വിതരണം ചെയ്തു. അയൽക്കൂട്ടങ്ങൾ, വാർഡ് മെമ്പർമാർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾ നടക്കുന്നത്. കാർഷിക വിളകൾ പ്രവർത്തകരും നാട്ടുകാരും ഒരുപോലെ കിച്ചനിലേക്ക് നൽകുന്നുണ്ട്. പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബുഷറ കുന്നമ്പത്ത്, സിഡിഎസ് ചെയർപേഴ്സൺ നസീമ മജീദ്, ഹെൽത്ത് ഇൻസ്പെക്ടർ സുരേഷ് എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ലോക്ക് ഡൗണിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി കിച്ചനിലേക്ക് ഭക്ഷണം സ്പോൺസർ ചെയ്ത് പുന്നയൂർ കുടുംബശ്രീ യൂണിറ്റ്***

## പ്രവാസികൾക്കായി ഹെൽപ് ഡസ്ക്

കോവിഡ് 19-നെ തുടർന്ന് പ്രതിസന്ധിയിലായ പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എറിയാട് പഞ്ചായത്തിൽ ഹെൽപ് ഡസ്ക് ആരംഭിച്ചു. അഴീക്കോട് കേരള പ്രവാസി സംഘത്തിന്റെ ഓഫീസിലാണ് ഹെൽപ് ഡസ്ക് ഒരുക്കിയിട്ടുള്ളത്. രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ചുവരെയാണ് ഹെൽപ് ഡെസ്ക് പ്രവർത്തിക്കുക.

ജനുവരി ഒന്നിന് ശേഷം അവധിക്ക് വന്ന് ലോക്ക് ഡൗൺനെ തുടർന്ന് തിരിച്ചു പോയി ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവർക്കാണ് സർക്കാർ 5000 രൂപ ധനസഹായം പ്രഖ്യാപിച്ചത്. നോർക്ക വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്. ഇതിനുള്ള സാങ്കേതിക സഹായമാണ് ഹെൽപ് ഡെസ്ക് വഴി ലഭ്യമാകുക. ഏപ്രിൽ 30 വരെയാണ് അപേക്ഷ നൽകാൻ അവസരം നൽകിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചും, സാമൂഹിക അകലം ക്രമീകരിച്ചുമാണ് ഇവിടുത്തെ പ്രവർത്തനം.

9048959620 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്ത ശേഷമാണ് നടപടികൾ. ബുക്ക് ചെയ്ത ശേഷം അപേക്ഷർ അസ്സൽ രേഖകൾ സഹിതം അനുവദിച്ച സമയത്ത് ഹെൽപ് ഡെസ് കിൽ എത്തണം. പാസ്പോർട്ട്, വിസ, തിരിച്ചു പോകാൻ ബുക്ക് ചെയ്ത വിമാനടിക്കറ്റ്, ഫോട്ടോ, ബാങ്ക് പാസ്സ് ബുക്ക് എന്നിവയാണ് കൈവശം വെക്കേണ്ടത്. അഴിക്കോട് പുത്തൻ പള്ളിക്ക് സമീപം അഭിലാഷ് കോംപ്ലക്സിലാണ് ഹെൽപ് ഡെസ്ക് പ്രവർത്തിക്കുക. സൗജന്യ സേവനമാണ് ഇവിടെ നൽകുന്നത്.

# തുടരും